(ഇ)	കോഴിക്കോട് ഡീസൽ നിലയം	-	391.11 കോടി രൂപ
	ഇരിങ്ങാലക്കുട 110 കെ.വി. സബ് സ്റ്റേഷൻ	-	1376 ലക്ഷം രൂപ
	പേരൂർക്കട 66 കെ.വി. സബ് സ്റ്റേഷൻ	-	670 ലക്ഷം രൂപ
	മല്ലപ്പള്ളി 110 കെ.വി. സബ് സ്റ്റേഷൻ	-	619 ലക്ഷം രൂപ
	കുറ്റിപ്പുറം 110 കെ.വി. സബ് സ്റ്റേഷൻ	-	668 ലക്ഷം രൂപ
	കണ്ണൂർ ജില്ലയിലെ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട ജോലികൾ-		17.37 കോടി രൂപ

വൈദ്യുതി വിതരണ വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ

114(1017) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണവിഭാഗത്തിൽ ഉപഭോക്താക്കളുടെ വർദ്ധനവനുസരിച്ച് ജീവനക്കാരുടെ വർദ്ധനവ് ഉണ്ടാകാത്തതുമൂലമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി വിതരണവിഭാഗത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(സി) വിവിധ ഡിസ്ട്രിബ്യൂഷൻ ആഫീസുകളിൽ ഉപഭോക്താക്കളുടെ വർദ്ധനവിന് ആനുപാതികമായി ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1995-ൽ ദീർഘകാല കരാർ നിലവിൽ വന്നത് മുതൽ.

(സി) ബോർഡിൽ ലാഭകേന്ദ്രങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വർക്ക്സ്റ്റഡി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്.

കെ.എസ്.ഇ.ബി.യിലെ ഉദ്യോഗസ്ഥരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ്

115(1018) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ഇ.ബി.യിൽ സബ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള എത്ര തസ്തികകളുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ)

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	2522
സബ് എഞ്ചിനീയർ (സിവിൽ)	-	686
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	2230
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	-	428
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	622
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	-	190
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	198
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	-	56
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	62
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ)	-	18
ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	15
ചീഫ് എഞ്ചിനീയർ (സിവിൽ)	-	3
		7030

(ബി) സമുദായം തിരിച്ചുള്ള ലിസ്റ്റ് ഉടനെ ലഭ്യമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് ബോർഡിന് നൽകുന്ന തുക.

116(1019) ശ്രീ. പാലോട് രവി :
ശ്രീ. എ. കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly